(സി, ഡി) പരിധിയൊന്നും കൽപ്പിച്ചിട്ടില്ലെങ്കിലും വില കൂടിയ ഭൂമി ഈ ആവശ്യത്തിനുവേണ്ടി വാങ്ങിക്കൂടാ എന്ന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മറുനാടൻ മലയാളികളെ ഉദ്ദേശിച്ച് ഭവനനിർമ്മാണ പദ്ധതി

* 229 [365] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. പി. രാമൻ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, കൊമ്പയിൽ അഹമ്മദ് ഹാജി:
,, കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻ മലയാളികളെ ഉദ്ദേശിച്ച് സ സ്ഥാന ഭവന നിർമ്മാണ ബോർഡ് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭവനങ്ങൾക്കുവേണ്ടി എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്;

(ഡി) അവ എവിടെയെല്ലാമാണെന്ന വ്യക്തമാക്കാമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) 301 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി, ഡി) തിരുവനന്തപുരത്ത് ഫ്ളാറ്റിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർക്കുവേണ്ടി ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പണ്ഡിറ്റ് കോളനി, പി.ടി.പി. നഗർ, പുന്നയ്ക്കൽത്തോപ്പ് രണ്ടാംഘട്ടം എന്നീ ഭവനനിർമ്മാണപദ്ധതികളിൽ 10%വും കൊച്ചിയിലെ കലൂർ ഭവനനിർമ്മാണ പദ്ധതിയിൽ 20%വും കണ്ണൂർ കേന്ദ്രത്തിൽ തോട്ടട ഭവനനിർമ്മാണപദ്ധതിയിൽ രണ്ടു വീടും റിസർവ്വ് ചെയ്തിട്ടുണ്ട്.

സർവ്വെ റിക്കാർഡിൽ രേഖയില്ലെന്ന പരാതി

* 230 [366] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേയും സെറ്റിൽമെന്റും കഴിഞ്ഞ താലൂക്കുകളിൽ യഥാർത്ഥ അവകാശികളുടെ രേഖ സർവ്വെ റിക്കാർഡുകളിൽ പെടാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് അവസരം ഉണ്ടാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ചില പരാതിക്കും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള അപാകതകൾ സംഭവിച്ചാൽ പരിഹരിക്കുന്നതിന് ഇപ്പോൾതന്നെ നിയമമുണ്ട്. അത്തരം പരാതികളിൽ തീർപ്പു കൽപ്പിക്കുവാൻ സർവ്വേ സൂപ്രണ്ടുമാരേയും അസിസ്റ്റന്റ് ഡയറക്ടർമാരേയും നിയമിച്ചിട്ടുണ്ട്. കേരള സർവ്വെ അതിരടയാള നിയമ 9-ാ വകുപ്പു പ്രകാരം ഉള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തിയാൽ അപ്പീൽ നൽകി പരിഹാരം കാണാൻ അവസരം നൽകുന്നുണ്ട്.

കായിക പ്രതിഭകൾക്കു പരിശീലനം

* 231 [368] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക പ്രതിഭകളെ ചെറുപ്പത്തിലേ കണ്ടുപിടിക്കുന്നതിനും അവർക്കു പോഷകാഹാരവും പരിശീലനവും നൽകി വളർത്തുന്നതിനും ഒരു പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

കായികപ്രതിഭകളെ ചെറുപ്പത്തിലേ കണ്ടുപിടിച്ച് അവർക്ക് പോഷകാഹാരവു, പരിശീലനവു, നൽകുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ സ സ ഥാനത്ത ഒരു സ പോർട സ സ കൂളും, സ പോർട സ് ഡിവിഷനുകളും, സ പോർട സ് ഹോസ്റ്റലുകളും സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നത്.

ബഫർ സോണുകൾ

* 232 [369] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കാന. രാജേന്ദ്രൻ:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്കും പാർക്കുകൾക്കും ജനാധിവാസമുള്ള സ്ഥലങ്ങൾക്കും ഇടയിലായി ബഫർ സോണുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഓരോന്നും സ്ഥിതിചെയ്യുന്ന സ ഥലങ്ങൾ ഏതെല്ലാം;

(സി) അവയുടെ വിസ തീർണ്ണം എത്ര;

(ഡി) ബഫർ സോണുകൾ കൊണ്ടുദ്ദേശിക്കുന്നതെന്താണ്;

(ഇ) അവയെ പാർക്കുകളോടും വന്യജീവിസങ്കേതങ്ങളോടും കൂട്ടി ചേർക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly